ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം.
തീയതി: 14-10-2020

## സർക്കുലർ നം. 84

ജയിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, അസി. സൂപ്രണ്ടുമാർ മുതലായവർ ഡ്യൂട്ടി സമയത്ത് അവർക്ക് അനുവദിച്ചിരിക്കുന്ന യൂണിഫോം ധരിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് ഓഫീസിൽ ജോലി ചെയ്യുന്നവരിൽ നിന്നാണ് ഇത്തരത്തിലുള്ള പെരുമാറ്റം ഉണ്ടാകുന്നതെന്ന വിവരം ലഭിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, ഫോറസ്റ്റ് തുടങ്ങി മറ്റ് സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരോ പൊതു ജനങ്ങളിൽപെടുന്നവരോ ജയിലിൽ ഏതെങ്കിലും ആവശ്യത്തിന് വരുമ്പോൾ ഉദ്യോഗസ്ഥരുടെ പേരോ അവരുടെ പദവിയോ സ്ഥാനമോ മനസ്സിലാക്കാതെ പെരുമാറേണ്ടി വരുന്നതായും ആക്ഷേപമുണ്ട്. ജയിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർ സിവിൽ വേഷത്തിൽ ജോലി ചെയ്യുന്നതു മൂലം മറ്റ് യൂണിഫോം വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് തിരിച്ചറിയാനോ അവർ അർഹിക്കുന്ന ഉപചാരം നൽകാനോ സാധിക്കുന്നില്ല. തിരിച്ചറിയാത്തതിനാൽ ചില ഉദ്യോഗസ്ഥരുടെ റാങ്കിന് മുകളിലുള്ളവരും തെറ്റിദ്ധരിച്ച് സല്യൂട്ട് പോലെയുള്ള ഉപചാരങ്ങൾ തെറ്റായി നൽകുന്നുണ്ട്. ഇത് ആശാസ്യമായ നടപടി അല്ല. ഇത് കൂടാതെ ജയിലിനുള്ളിൽ എന്തെങ്കിലും അടിയന്തിര സാഹചര്യമുണ്ടായാൽ യൂണിഫോമിലല്ലാത്തതിനാൽ കാര്യക്ഷമമായി ഇടപെടാനോ യൂണിഫോം ഇട്ടാൽ എന്നത് പോലെ പ്രവർത്തിക്കാനോ കഴിയുന്നില്ല. ഇത്തരം നടപടികളെ വളരെ ഗൌരവപൂർവ്വം കാണുന്നതിനാൽ ജയിലിൽ ഡ്യൂട്ടിയിലുള്ള എല്ലാ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരും അവർക്ക് അർഹതയുള്ളതും അനുവദിച്ച് നൽകിയിരിക്കുന്നതുമായ പൂർണ്ണ യൂണിഫോം കൃത്യമായും നിർബന്ധമായും ഡ്യൂട്ടി സമയത്ത് ധരിക്കേണ്ടതാണെന്ന് അറിയിച്ചു കൊള്ളുന്നു. ഇക്കാര്യത്തിൽ വീഴ്ചയുണ്ടാകുന്നത് ഉദ്യോഗസ്ഥരുടേയും അവരുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും കാര്യത്തിൽ കർശന നടപടികൾ ക്ഷണിച്ചു വരുത്തുന്നതാണെന്ന് അറിയിക്കുന്നു.

ഋഷിരാജ് സിംഗ് ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്